LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് മിൽമ നടപ്പാക്കിയ പദ്ധതികൾ

59 (1530) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി, പട്ടിക വർഗ്ഗ ഫണ്ട് ഉപയോഗിച്ച് എത്ര പദ്ധതികളാണ് മിൽമ നടപ്പിലാക്കിയത്, അവ ഏതെല്ലാം;

(ബി) ഇതിനായി എത്ര ഇക മിൽമയ്ക്ക് ലഭിച്ചു; ഓരോ വർഷവും ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം ലഭിച്ചു; തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) വിവിധ പദ്ധതികളിലൂടെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മിൽമ എത്ര കന്നുകുട്ടികളെ വിതരണം ചെയ്തു; തരം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഫണ്ട് വിനിയോഗിച്ച് പൂർണ്ണമായും ഭാഗികമായും നടപ്പാക്കാത്ത പദ്ധതികൾ ഏതെല്ലാം ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ട് ഉപയോഗിച്ച് എറണാകുളം മേഖലാ യൂണിയനിലും തിരുവനന്തപുരം മേഖലാ യൂണിയനിലും രണ്ട് പദ്ധതികളാണ് മിൽമ നടപ്പാക്കിയത്. കിടാരി വളർത്തൽ പദ്ധതിയും, ഐസ്പീം കനോപ്പി പദ്ധതിയും മലബാർ മേഖലാ യൂണിയനിൽ ഈ രണ്ട് പദ്ധതികൾക്കും പുറമേ ബയോഗ്യാസ് എസ്.സി പദ്ധതി, സുഗന്ധഗിരി എസ്ടി. പദ്ധതി, അട്ടപ്പാടി, മാനന്തവാടി എസ്ടി, മലപ്പുറം എസ്ടി., മലപ്പുറം എസ്സി. എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മിൽമയുടെ ഐസ്പീം കനോപ്പി പദ്ധതിപ്രകാരം എറണാകുളം മേഖലാ യൂണിയൻ സംസ്ഥാന സർക്കാർ വഴി 58 എണ്ണം ലഭിക്കുകയുണ്ടായി. അവ ചുവടെ ചേർക്കുന്നു :

മാർച്ച് 2013-14	40 എണ്ണം	98.04 ലക്ഷം രൂപ
ജനുവരി 2014-ജൂലൈ 2014	10 എണ്ണം	25.00 ലക്ഷം രൂപ
ഫെബ്രുവരി 2014-ജൂലൈ 2014	8 എണ്ണം	20.00 ലക്ഷം രൂപ

എറണാകുളം ജില്ലാ പഞ്ചായത്ത് വഴി (31 എണ്ണം) 75.84 ലക്ഷം രൂപ ലഭിച്ചു. എറണാകുളം മേഖലാ യൂണിയന് പട്ടികജാതി വനിതകൾ വഴി നടപ്പിലാക്കിയ കിടാരി വളർത്തൽ പദ്ധതി പ്രകാരം 2013-ൽ 535 ലക്ഷം രൂപ ലഭിച്ചു.

തിരുവനന്തപുരം മേഖലാ യൂണിയൻ 2013-14 വർഷത്തിൽ ഒരു കോടി രൂപ ചെലവിൽ 40 ഐസ്ക്രീം കനോപ്പികളും 2014-15 വർഷത്തിൽ 2 കോടി രൂപ ചെലവിൽ 80 ഐസ്ക്രീം കനോപ്പികളും വിതരണം ചെയ്തു. മലബാർ മേഖലാ യൂണിയന് അനുബന്ധം-1* ആയി ചേർത്തിരിക്കുന്ന പദ്ധതികൾ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് 3499.45 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചു.

(സി) എറണാകുളം മേഖലാ യൂണിയൻ തെരഞ്ഞെടുക്കപ്പെട്ട 300 പട്ടികജാതി വനിതകൾക്കായി 1500 കിടാരികളെ വിതരണം ചെയ്യുന്നതിനും 18 മാസക്കാലത്തേക്ക് കിടാരികൾക്കുള്ള തീറ്റച്ചെലവ്, പരിപാലന ചെലവ് എന്നിവ നൽകുന്നതിനുള്ള പദ്ധതിയിൽ ലക്ഷ്യമിട്ട 1500 കിടാരികളിൽ 1475 കിടാരികളെ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു.

തിരുവനന്തപുരം മേഖലാ യൂണിയനിൽ പട്ടികജാതി, പട്ടികവർഗ്ഗ വനിതകൾക്ക് 1.7 കോടി രൂപ ചെലവിൽ 1700 കിടാരികളെ വിതരണം ചെയ്തു. ഇതോടൊപ്പം കാലിത്തൊഴുത്ത് നിർമ്മാണം, കാലിത്തീറ്റ, കാലി ഇൻഷുറൻസ്, തീറ്റപ്പുൽ എന്നിവയ്ക്കായി 582 ലക്ഷം രൂപയും ചെലവഴിച്ചു. മലബാർ മേഖലയിൽ പട്ടികജാതി വനിതകൾക്കായുള്ള കിടാരി സംരക്ഷണ പദ്ധതിയിൽ 5800 കിടാരികളെയും സുഗന്ധഗിരി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള പദ്ധതിയിൽ 44 കിടാരികളെയും അട്ടപ്പാടി പട്ടികവിഭാഗത്തിലുള്ള പദ്ധതിയിൽ 16 കിടാരികളെയടക്കം ആകെ 5860 കിടാരികളെ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) മലബാർ മേഖലാ യൂണിയനിൽ സുൽത്താൻബത്തേരി മാനന്തവാടി - അടിയ പണിയ വിഭാഗങ്ങൾക്കുള്ള പദ്ധതി മാത്രം തീരാനുണ്ട്. ഇതിന്റെ ഉപഭോക്തൃ തിരഞ്ഞെടുപ്പിനുള്ള യോഗങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഈ പദ്ധതി ഒഴികെ മിൽമയുടെ മറ്റുള്ള പദ്ധതികളെല്ലാം തന്നെ പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്.

ക്ഷീരഗ്രാമം പദ്ധതി

60 (1531) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ക്ഷീര വികസന വകുപ്പുമുഖേന ക്ഷീര ഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ എവിടെയെല്ലാമാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly